# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. റ്റി*342
## 14/07/2015 - ലെ മറുപടിക്ക്

## സി .എ. ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ദാസൻ**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സെക്രട്ടറിമാരുടെയും വകുപ്പ് മേധാവികളുടെയും മൊത്തത്തിലുള്ള നിയന്ത്രണത്തിന് വിധേയമായി പ്രഖ്യാപിത പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നിർവ്വഹണ പുരോഗതി വിലയിരുത്തിവരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ സ്പേസ്' സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്. |
| (ബി) പുതിയ പ്രഖ്യാപനങ്ങൾ നടത്തുന്നതിലല്ലാതെ അവ നടപ്പാക്കുന്നതിലോ, അതിനായി വരുമാനം കണ്ടെത്തുന്നതിലോ വിമുഖത കാണിച്ചു വരുന്നതിനെ സി. എ .ജി. തന്നെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) 2014 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി. എ. ജി. റിപ്പോർട്ടിൽ 2013-14 ലെ ബജറ്റ് പ്രസംഗത്തിലെ പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതിയെ കുറിച്ചുള്ള പട്ടികയും പരാമർശവും കണ്ടെത്തലുകളും വിശദമാക്കാമോ ; ഇതേ കുറിച്ചുള്ള നിലപാട് വിശദമാക്കാമോ ; പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങൾ വെളിപ്പെടുത്താമോ; | 2013 -14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഞ്ച് കോടിയോ അതിൽ അധികമോ അടങ്കൽ വരുന്ന 40 പുതിയ പദ്ധതികളുടെ നടത്തിപ്പിന്റെ നിജ സ്ഥിതിയെ സംബന്ധിച്ച 2014 മാർച്ചിലെ സി എ. ജി റിപ്പോർട്ടിലെ പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രഖ്യാപിത പദ്ധതികളിൽ നടപ്പാക്കാതിരുന്നതിന്റെയും നടത്തിപ്പിൽ വന്ന കാലതാമസത്തിന്റെയും സി &ഏ.ജി റിപ്പോർട്ടിലെ കണ്ടെത്തലുകളും/ പരാമർശങ്ങളും ചുവടെ ചേർക്കുന്നു.<br><br>**<u>കണ്ടെത്തലുകളും/പരാമർശങ്ങളും</u>**<br><br>1. വകുപ്പുകൾ പ്രോജക്ട് പ്രസ്താവനകൾ നൽകാതിരുന്നത്<br>2. ഭരണാനുമതി ലഭിച്ച ശേഷവും ഫണ്ട് വകയിരുത്താത്തതും നൽകാത്തതും.<br>3. ഫണ്ട് വിനിയോഗം - പണികൾ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ആയതിനാലും ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം വിനിയോഗിക്കുന്നതിലെ കാലതാമസവും കാരണമാണ് ഫണ്ട് വിനിയോഗിക്കാത്തത്.<br><br>ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലുള്ള കാലതാമസം, പണികൾ നടപ്പിലാക്കുന്നതിലെ താമസം, പരിസ്ഥിതി അനുമതി ലഭിക്കാത്തത്, ഭൂമിവാങ്ങുന്നതിൽ തീരുമാനം എടുക്കുന്നതിലുള്ള താമസം, റെയിൽവേയിൽ നിന്നുള്ള അനുമതി ലഭിക്കാത്തത് എന്നിവയാണ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർഥ കാരണങ്ങളായി അനുമാനിക്കുന്നത്. |
| (ഡി) ഈ സർക്കാർ അവതരിപ്പിച്ച ഏതെങ്കിലും ബജറ്റുകളിലെ പുതിയ പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | ഈ സർക്കാരിന്റെ കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൂർണ്ണമായും നടപ്പിലാക്കി യിട്ടുള്ളതുമായ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ / പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടു കൊണ്ടുള്ള ഹൈടെക് ഫാമിംഗ് പദ്ധതി, നിറവ് പദ്ധതി, കേരകർഷകർക്ക് കൈത്താങ്ങായി നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനം, വൈററില മൊബിലിററി ഹബ്ബ്, ഭൂരഹിത രില്ലാത്ത കേരളം പദ്ധതി, കാരുണ്യ ഭാഗ്യക്കുറി യിലൂടെ കാരുണ്യാ ചികിത്സാ സഹായനിധിയിൽ നിന്നുള്ള ധനസഹായം, തുഞ്ചത്തെഴുത്തച്ഛൻ മല യാളം സർവ്വകലാശാല, സർക്കാരിന്റെ ഭരണപരവും നയപരവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതി നായി സെക്രട്ടേറിയററിൽ ഇ-ഓഫീസ് സംവിധാനം, പി.എസ്.സി. പരീക്ഷയ്ക്ക് ഓൺലൈൻ സംവിധാന ം, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെ ടുത്ത് തൊഴിൽ രഹിതരായി തുടരുന്ന വിദ്യാർത്ഥിക ളുടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ സബ്സിഡി, വൈദ്യുതി സ്വയം പര്യാപ്തത ലക്ഷ്യ മാക്കി റാന്നി-പെരിനാട്, പീച്ചി പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യൽ, വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, വിദ്യാർത്ഥി കൾക്കുള്ള അധിക നൈപുണ്യ പദ്ധതി, 2011 -12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പിലാക്കൽ, സിവിൽ സപ്ലൈസ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ പൈലററ് പ്രോജക്ട്, സ്ത്രീ ശാക്തീകരണ നയത്തി നനുസൃതമായി കെ.എസ്.ആർ.ടി.സി. 46 ബസ് സ്റേറഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാപദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ജനനിജന്മരക്ഷ, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപ യുടെ സുസ്ഥിര നഗരവികസന പദ്ധതികൾ, ഗ വൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അ ഞ്ചിൽ നിന്നും പതിനാലാക്കൽ.<br><br>കൂടാതെ കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിററി പദ്ധതിയും പുരോഗമിച്ചു വരികയാണ്. |

അക്കൗണ്ട്സ് ഓഫീസർ

### പട്ടിക 2.17 : നടപ്പാക്കിയ പുതിയ പദ്ധതികളുടെ നിജസ്ഥിതി

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | പുതിയ പദ്ധതികളുടെ എണ്ണം | പദ്ധതികളുടെ എണ്ണം | | | ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക | ബജറ്റിൽ വകയിരുത്തിയ തുക | പദ്ധതിയ്ക്കായി പിൻവലിച്ച തുക | അടുത്ത സാമ്പത്തിക വർഷം ഉപയോഗിച്ച തുക(*) |
|---|---|---|---|---|---|---|---|---|---|
| | | | നാമമാത്ര തുക നൽകിയവ | തുക നൽകിയത് എന്നാൽ പിൻവലിക്കാത്തവ | തുക ഉപയോഗിച്ചത് | | | | |
| 1 | കൃഷി | 4 | 1 | 1 | 2 | 65.00 | 35.45 | 24.85 | 4.50 |
| 2 | മൃഗസംരക്ഷണം | 2 | 0 | 1 | 1 | 46.00 | 2.50 | 2.00 | 0.04 |
| 3 | മത്സ്യബന്ധനം | 1 | 1 | 0 | 0 | 65.00 | 0.00 | 0.00 | 0.00 |
| 4 | ആരോഗ്യവും കുടുംബക്ഷേമവും | 5 | 1 | 0 | 4 | 51.00 | 28.00 | 27.76 | 3.50 |
| 5 | ഉന്നത വിദ്യാഭ്യാസം | 5 | 2 | 0 | 3 | 54.00 | 6.75 | 5.18 | 1.46 |
| 6 | വ്യവസായം | 2 | 1 | 1 | 0 | 15.00 | 0.01 | 0.00 | 0.00 |
| 7 | വിവര സാങ്കേതികവിദ്യ | 3 | 2 | 1 | 0 | 51.00 | 10.00 | 0.00 | 0.00 |
| 8 | തൊഴിലും പുനരധിവാസവും | 1 | 1 | 0 | 0 | 7.00 | 0.00 | 0.00 | 0.00 |
| 9 | ന്യൂനപക്ഷക്ഷേമം | 1 | 0 | 0 | 1 | 5.00 | 5.00 | 19.00[32] | 2.09 |
| 10 | ഊർജ്ജം | 1 | 0 | 0 | 1 | 8.00 | 4.00 | 4.00 | 0.00 |
| 11 | പൊതുമരാമത്ത് | 7 | 6 | 1 | 0 | 86.00 | 0.01 | 0.00 | 0.00 |
| 12 | സാമൂഹ്യനീതി | 2 | 2 | 0 | 0 | 15.50 | 0.00 | 0.00 | 0.00 |
| 13 | ജലഗതാഗതം | 1 | 1 | 0 | 0 | 5.00 | 0.00 | 0.00 | 0.00 |
| 14 | നഗരവികസനം | 2 | 1 | 0 | 1 | 15.00 | 0.50 | 0.19 | 0.00 |
| 15 | ജലവിഭവം | 3 | 1 | 2 | 0 | 80.15 | 15.00 | 0.00 | 0.00 |
| | **ആകെ** | **40** | **20** | **7** | **13** | **568.65** | **107.22** | **82.98** | **11.59** |

*ഉറവിടം: 2013-14 ബജറ്റ് പ്രസംഗവും വകുപ്പുകളിൽ നിന്നും ലഭിച്ച വിവരവും*

[32] 2225-04-183-99 (പി) ൽ നിന്നും ₹14 കോടി പുനർ ധനവിനിയോഗം നടത്തി

* ആഗസ്റ്റ് 2014ലെ നില